KERALEEYAM

"Swaram", TC 21/739 (2), NRA-59, Nedumcaud, Karamana P.O.
Thiruvananthapuram - 695 002, Kerala, India
Tel : 91-471-2724650, 2724651 Tel/Fax : 91-471-2727448
(Reg.No.T.1214 Under Section 2 of the Societies Registration Act 1860)

GLOBAL Kerala INITIATIVE

പ്രസിദ്ധീകരണത്തിന് സെപ്തംബർ 27, 2025

**കേരളീയം-വി.കെ.മാധവൻകുട്ടി മാധ്യമപുരസ്കാരം**
**എൻട്രികൾ ക്ഷണിക്കുന്നു**

തിരുവനന്തപുരം: പ്രശസ്ത പത്രപ്രവർത്തകനും കേരളീയം സ്ഥാപക പ്രസിഡൻറുമായിരുന്ന വി.കെ മാധവൻകുട്ടിയുടെ സ്മരണാർത്ഥം മാധ്യമ പ്രവർത്തകർക്കായി കേരളീയം ഏർപ്പെടുത്തിയിട്ടുള്ള മാധ്യമ അവാർഡുകൾക്ക് എൻട്രികൾ ക്ഷണിച്ചു. 2023, 2024 എന്നീ വർഷങ്ങളിലെ അവാർഡുകൾക്കാണ് എൻട്രികൾ ക്ഷണിക്കുന്നത്. ദൃശ്യ, അച്ചടി മാധ്യമങ്ങൾക്ക് പ്രത്യേകം അവാർഡുകളുണ്ടായിരിക്കും. മേൽപ്പറഞ്ഞ രണ്ടു വർഷങ്ങളിലേയ്ക്കും രണ്ട് എൻട്രികൾ ഒരാൾക്ക് അയയ്ക്കാവുന്നതാണ്. **(2020, 2021, 2022 വർഷങ്ങളിൽ പ്രസ്തുത അവാർഡ് ലഭിച്ചിട്ടുള്ളവർക്ക് എൻട്രികൾ അയയ്ക്കാൻ സാധിക്കില്ല)**

**സാമൂഹ്യപ്രതിബദ്ധത അടിസ്ഥാനമാക്കി മലയാള പത്രങ്ങളിൽ പ്രസിദ്ധീകരിച്ചതും മലയാളം ചാനലുകളിൽ സംപ്രേഷണം ചെയ്തതുമായ റിപ്പോർട്ടുകളാണ് അവാർഡിന് പരിഗണിക്കുന്നത്.**

**റിപ്പോർട്ട് പിരിയഡ്**

| **വർഷം** | | |
|---|---|---|
| **2023** | – | **ജനുവരി 1 മുതൽ ഡിസംബർ 31 വരെ പ്രസിദ്ധീകരിച്ച/സംപ്രേക്ഷണം ചെയ്ത റിപ്പോർട്ടുകൾ** |
| **2024** | – | **ജനുവരി 1 മുതൽ ഡിസംബർ 31 വരെ പ്രസിദ്ധീകരിച്ച/സംപ്രേക്ഷണം ചെയ്ത റിപ്പോർട്ടുകൾ** |

അച്ചടി മാധ്യമ അവാർഡിന് റിപ്പോർട്ടിൻെറ സാക്ഷാൽ രേഖയും അഞ്ചു പകർപ്പുകളും എഡിറ്ററുടെ സാക്ഷ്യപത്രമടക്കം നൽകണം. ദൃശ്യ മാധ്യമ അവാർഡിന് (5 മിനിറ്റിൽ കൂടുതൽ ദൈർഘ്യം പാടില്ല) പെൻഡ്രൈവ് കോപ്പിയും എഡിറ്ററുടെ സാക്ഷ്യപത്രവുമാണ് നൽകേണ്ടത്. **എൻട്രികൾ 2025 ഒക്ടോബർ 31-നകം സെക്രട്ടറി ജനറൽ, ഗ്ലോബൽ കേരളാ ഇനിഷ്യേറ്റീവ്- കേരളീയം, "സ്വരം", ടി.സി. 21/739 (2), എൻ.ആർ.എ-59, നെടുങ്കാട്, കരമന പി.ഒ, തിരുവനന്തപുരം-695002 എന്ന വിലാസത്തിൽ ലഭിക്കണം. വിശദവിവരങ്ങൾക്ക്: www.keraleeyam.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.**

GLOBAL KERALA INITIATIVE KERALEEYAM

**LALU JOSEPH**
**SECRETARY GENERAL**
**GLOBAL KERALA INITIATIVE**
**KERALEEYAM**

KERALEEYAM

"Swaram", TC 21/739 (2), NRA-59, Nedumcaud, Karamana P.O.
Thiruvananthapuram - 695 002, Kerala, India
Tel : 91-471-2724650, 2724651 Tel/Fax : 91-471-2727448
(Reg.No.T.1214 Under Section 2 of the Societies Registration Act 1860)

Global Kerala Initiative

# കേരളീയം- വി.കെ. മാധവൻകുട്ടി മാധ്യമ പുരസ്ക്കാരം

*********

## എൻട്രികൾ അയയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.

1. 2023, 2024 എന്നീ വർഷങ്ങളിലേയ്ക്കുള്ള അവാർഡുകൾക്കാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്.

2. സാമൂഹിക പ്രതിബദ്ധത അടിസ്ഥാനമാക്കി മലയാള പത്രങ്ങളിൽ പ്രസിദ്ധീകരിച്ചതും, മലയാളം ചാനലുകളിൽ സം പ്രേക്ഷണം ചെയ്തതുമായ റിപ്പോർട്ടുകൾ ആണ് അവാർഡിനായി പരിഗണിക്കുന്നത്.

3. ദൃശ്യ-അച്ചടി മാധ്യമങ്ങൾക്ക് പ്രത്യേക അവാർഡുകൾ ഉണ്ടായിരിക്കും.

4. 2023, 2024 എന്നീ വർഷങ്ങളിൽ റിപ്പോർട്ട് ചെയ്ത വാർത്തകൾ ഒരാൾക്ക് രണ്ട് എൻട്രി ആയി തന്നെ അയയ്ക്കാവുന്നതാണ്.

5. 2020 മുതൽ 2022 വരെയുള്ള വർഷങ്ങളിൽ വി.കെ. മാധവൻകുട്ടി മാധ്യമപുരസ്ക്കാരം ലഭിച്ചവരുടെ എൻട്രികൾ അവാർഡിനു പരിഗണിക്കുകയില്ല.

6. 2023-ലെ അവാർഡിനായി 2023 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പ്രസിദ്ധീകരിച്ച/സംപ്രേഷണം ചെയ്ത റിപ്പോർട്ടുകൾ ആണ് അയയ്ക്കേണ്ടത്.

   2024-ലെ അവാർഡിനായി 2024 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പ്രസിദ്ധീകരിച്ച/സം പ്രേഷണം ചെയ്ത റിപ്പോർട്ടുകൾ ആണ് അയയ്ക്കേണ്ടത്.

7. അച്ചടി മാധ്യമ അവാർഡിന് റിപ്പോർട്ടിന്റെ സാക്ഷാൽ രേഖയും അഞ്ചു പകർപ്പുകളും എഡിറ്ററുടെ സാക്ഷ്യപത്രമടക്കം നൽകണം. അതിനോടൊപ്പം അയയ്ക്കുന്ന ആളിന്റെ ബയോഡാറ്റയും അയയ്ക്കണം.

8. ദൃശ്യ മാധ്യമ അവാർഡിന് (5 മിനിറ്റിൽ കൂടുതൽ ദൈർഘ്യം പാടില്ല) പെൻഡ്രൈവ് കോപ്പിയും എഡിറ്ററുടെ സാക്ഷ്യപത്രവുമാണ് നൽകേണ്ടത്. അതിനോടൊപ്പം അയയ്ക്കുന്ന ആളിന്റെ ബയോഡാറ്റയും അയയ്ക്കണം.

9. എൻട്രികൾ 2025 ഒക്ടോബർ 31-നകം സെക്രട്ടറി ജനറൽ, ഗ്ലോബൽ കേരളാ ഇനിഷ്യേറ്റീവ്- കേരളീയം, "സ്വരം", ടി.സി. 21/739 (2), എൻ.ആർ.എ-59, നെടുങ്കാട്, കരമന പി.ഒ, തിരുവനന്തപുരം-695002 എന്ന വിലാസത്തിൽ ലഭിക്കണം.

10. വിശദവിവരങ്ങൾക്ക് 0471-2724650, 9544506107 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക



GLOBAL KERALA INITIATIVE KERALEEYAM